# A

**19720** **120 MINUTES**

1. താലികെട്ടുകല്യാണം പ്രമേയമാകുന്ന 'ഒരൊറ്റനോക്ക്' എന്ന കഥ എഴുതിയതാര്?
   A) അമ്പാടി നാരായണപ്പൊതുവാൾ
   B) കെ.സുകുമാരൻ
   C) ലളിതാംബിക അന്തർജനം
   D) മൂർക്കോത്ത് കുമാരൻ

2 പുന്നപ്ര – വയലാർ സമരം പ്രമേയമാകുന്ന തകഴിയുടെ നോവലേത്?
   A) രണ്ടിടങ്ങഴി B) തലയോട്
   C) തോട്ടിയുടെ മകൻ D) ഏണിപ്പടികൾ

3. അ + ആണ്ട് – വാഴപ്പിള്ളിശാസനത്തിൽ ഇത് സന്ധിചെയ്യപ്പെട്ടിരിക്കുന്നതെങ്ങനെ?
   A) അയ്യാണ്ടു B) ആയാണ്ടു C) അവ്വാണ്ടു D) അവാണ്ടു

4. നമ്പൂതിരിമാരുടെ ആചാരാനുഷ്ഠാനങ്ങളെ പ്രതിപാദിക്കുന്ന കൃതി ഏത്?
   A) കേരളോല്പത്തി B) ചെറുമുക്കിൽ പച്ച
   C) തന്ത്രസമുച്ചയം D) വ്യവഹാരമാല

5. "ജീവിതം തീതിന്നലമ്മയ്ക്കയ്യോ
   പാവം മകൾക്കൊരു മുൾക്കിരീടം" ഏത് കവിതയിലെ വരികൾ?
   A) പള്ളിക്കൂടത്തിലേക്ക് വീണ്ടും B) ഓപ്പോൾ
   C) വിവാഹസമ്മാനം D) പുത്തൻ കലവും അരിവാളും

6. "കാര്യം പറയുമ്പോൾ ഞാൻ അന്യായമായി ആരെയും ഭയപ്പെട്ടു പറയാതിരിക്കില്ല. എനിക്ക് ഈവക ദുഷ്ടതകൾ കണ്ടുകൂടാ" ഇങ്ങനെ പറയുന്ന കഥാപാത്രം?
   A) ഇന്ദുലേഖ B) മീനാക്ഷി
   C) സുഭദ്ര D) താത്രിക്കുട്ടി

7. 'നിദ്രാസഞ്ചാരങ്ങൾ' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു?
   A) സാഹിത്യവിമർശനം B) ആത്മകഥ
   C) യാത്രാവിവരണം D) മനഃശാസ്ത്രം

8. 'മുത്തച്ഛന്റെ വെൺമഴു' എന്ന കവിത എഴുതിയതാര്?
   A) എൻ.എൻ.കക്കാട് B) എൻ.വി.കൃഷ്ണവാര്യർ
   C) വൈലോപ്പിള്ളി ശ്രീധരമേനോൻ D) അക്കിത്തം അച്യുതൻ നമ്പൂതിരി

9. സഹൃദയനെ ഭാവകൻ എന്ന് വ്യപദേശിച്ച കാവ്യമീമാംസകൻ ആര്?

A) ദണ്ഡി
B) ഭാമഹൻ
C) രാജശേഖരൻ
D) ജഗന്നാഥപണ്ഡിതർ

10. 'നാട്യം ഭിന്നരുചേർജനസ്യ ബഹിധാപ്യേകം സമാരാധനം' എന്നു പറഞ്ഞതാര്?

A) ഭവഭൂതി
B) ആനന്ദവർദ്ധനൻ
C) മമ്മടൻ
D) കാളിദാസൻ

11. കരിഞ്ഞ ജന്തുജാലങ്ങൾ,
വെണ്ണീർ പാറും മരങ്ങൾതൻ
അസ്ഥിചിന്നുന്ന കുന്നുകൾ
വിയർപ്പും രക്തവും വറ്റി
വിണ്ടുകീറിയ ഭൂമിയിൽ
വീണ്ടുമെന്തിനു വന്നു ഞാൻ

എൻ.എൻ.കക്കാടിന്റെ ഏതുകവിതയിലെ വരികളാണിത്?

A) ശിഖണ്ഡികൾ
B) സൂര്യഗായത്രി
C) പകലറുതിക്ക് മുൻപ്
D) ചെറ്റകളുടെ പാട്ട്

12. "ദീപ്തരസത്വം കാന്തിഃ" ആരുടെ അഭിപ്രായം?

A) ഭാമഹൻ
B) രുയ്യകൻ
C) വാമനൻ
D) മമ്മടൻ

13. ചേരും പടി ചേർക്കുക

| | | | | |
|---|---|---|---|---|
| a) | അഭിനയദർപ്പണം | - | 1) | ഭോജൻ |
| b) | രസഗംഗാധരം | - | 2) | വിശ്വനാഥൻ |
| c) | സാഹിത്യദർപ്പണം | - | 3) | നന്ദികേശ്വരൻ |
| d) | സരസ്വതീകണ്ഠാഭരണം | - | 4) | ജഗന്നാഥപണ്ഡിതർ |

A) a -- 3, b -4, c - 2, d -- 1
B) a - 1, b - 3, c - 4, d - 2
C) a - 2, b --1, c - 4, d - 3
D) a - 2, b - 3, c - 1, d - 4

14. പാലിയം ചെപ്പേട് ഏത് ലിപിയിലാണ് എഴുതപ്പെട്ടത്?

A) വട്ടെഴുത്ത്
B) കോലെഴുത്ത്
C) ആര്യ എഴുത്ത്
D) ബ്രാഹ്മി

15. എൻ.വി.കൃഷ്ണവാര്യർക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?

A) വള്ളത്തോളിന്റെ കാവ്യശില്പം
B) ഗാന്ധിയും ഗോഡ്സെയും
C) കാളിദാസന്റെ സിംഹാസനം
D) ആഫ്രിക്ക

16. 'മലയാളകവിതയ്ക്ക് ഒരു കത്ത്' എന്ന കവിത എഴുതിയതാര്?

A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
B) വയലാർ
C) രാവുണ്ണി
D) എസ്.ജോസഫ്

17. 'പച്ചരി' എന്ന പദത്തിൽ പ്രയുക്തമായിരിക്കുന്ന സന്ധി ഏത്?

A) ലോപസന്ധി  B) ആദേശസന്ധി

C) ആഗമസന്ധി  D) ദ്വിത്വസന്ധി

18. മലയാളത്തിലെ ദ്വയോഷ്ഠ്യസ്പർശവർണ്ണം ഏത്?

A) പ  B) ത  C) ദ  D) ല

19. അർത്ഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകത്തിന്റെ പേരെന്ത്?

A) സ്വനം  B) സ്വനിമം  C) രൂപിമം  D) പദം

20. 'ജീവിതപ്പാത' ആരുടെ ആത്മകഥയാണ്?

A) ചെറുകാട്  B) എൻ.കൃഷ്ണപിള്ള

C) എസ്.കെ.പൊറ്റെക്കാട്  D) കൊടുപ്പുന്ന

21. കുളിക്കാൻ പോയി എന്നതിലെ 'കുളിക്കാൻ' എന്ന പദം ഏതു വിനയെച്ചത്തിൽ പെടുന്നു?

A) മുൻവിനയെച്ചം  B) പിൻവിനയെച്ചം

C) നടുവിനയെച്ചം  D) പാക്ഷികവിനയെച്ചം

22. 'കപോതസന്ദേശം' എന്ന സന്ദേശകാവ്യത്തിന്റെ കർത്താവാര്?

A) കുണ്ടൂർ നാരായണമേനോൻ  B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

C) ശീവൊള്ളി നമ്പൂതിരി  D) കൊട്ടാരത്തിൽ ശങ്കുണ്ണി

23. മുണ്ടശ്ശേരിയുടെ 'മനുഷ്യകഥാനുഗായികൾ' എന്ന കൃതിയിൽ പഠിക്കപ്പെട്ടിട്ടില്ലാത്ത കവി ആര്?

A) കുമാരനാശാൻ

B) ഉള്ളൂർ  എസ്.പരമേശ്വരയ്യർ

C) വള്ളത്തോൾ നാരായണമേനോൻ

D) ചങ്ങമ്പുഴ

24. കാളിദാസന്റെ 'അഭിജ്ഞാനശാകുന്തളം' ആദ്യമായി ഇം¥ീഷിലേക്ക് പരിഭാഷപ്പെടുത്തിയതാര്?

A) ആഷർ  B) സർ വില്യം ജോൺസ്

C) ജെയിംസ് പ്രിൻസെപ്പ്  D) ഡോ.ജോൺസൻ

25. പ്രാചീന മലയാള ഗദ്യമാതൃകകൾ പ്രസിദ്ധീകരിച്ചതാര്?

A) ഉള്ളൂർ

B) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ള

C) ഡോ.പി.കെ.നാരായണപിള്ള

D) അപ്പൻ തമ്പുരാൻ

26. ശക്തിഭദ്രന്റെ 'ആശ്ചര്യചൂഡാമണി'ക്ക് ഗദ്യവിവർത്തനം തയ്യാറാക്കിയതാര്?

A) ഏ.ആർ.രാജരാജവർമ്മ  B) പന്മന രാമചന്ദ്രൻ നായർ
C) എൻ.കൃഷ്ണപിള്ള  D) വി.എസ്.ശർമ്മ

27. ലീലാതിലകത്തിൽ നപുംസകപ്രത്യയമായി നൽകിയിട്ടുള്ളതേത്?

A) അം  B) അൻ  C) മ്  D) ഇൻ

28. 'പുഴ' എന്ന കഥാസമാഹാരത്തിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയതാര്?

A) ജയകാന്തൻ  B) എൻ.പ്രഭാകരൻ
C) വെട്ടൂർ രാമൻ നായർ  D) കോവിലൻ

29. 'ജാതിചോദിക്കുക' എന്ന കഥയെഴുതിയതാര്?

A) എൻ.പ്രഭാകരൻ  B) കെ.പി.രാമനുണ്ണി
C) ഇ.പി.ശ്രീകുമാർ  D) സന്തോഷ് ഏച്ചിക്കാനം

30. "ഞാൻ തനിച്ചായി. ഞാൻ ആ സുഗന്ധം പരത്തുന്ന ചുവന്ന റോസാപ്പൂവ് കയ്യിലെടുത്തു നോക്കിക്കൊണ്ട് ആ പെരുവഴിയിൽ സ്തബ്ധനായി വളരെനേരം നിന്നു" – ഏതുകൃതിയിലുള്ളതാണ് ഈ വാക്യം?

A) ബാല്യകാലസഖി  B) പ്രേമലേഖനം
C) മതിലുകൾ  D) പാത്തുമ്മയുടെ ആട്

31. 'സൂര്യവംശം' എന്ന ക്രൈം നോവൽ രചിച്ചതാര്?

A) സി.രാധാകൃഷ്ണൻ  B) മേതിൽ രാധാകൃഷ്ണൻ
C) അയ്പ്പ് പാറമേൽ  D) ടി.ഡി.രാമകൃഷ്ണൻ

32. 'കഥാപല്ലവങ്ങൾ' എഡിറ്റുചെയ്ത് പ്രസിദ്ധീകരിച്ചതാര്?

A) അപ്പൻ തമ്പുരാൻ  B) കെ.പി.കരുണാകര മേനോൻ
C) കെ.സി.മാമ്മൻ മാപ്പിള  D) കോമലേഴത്തു കെ.ജി.മാധവൻ

33. കേരളപാണിനി പറഞ്ഞ ആറു നയങ്ങളിൽ പെടാത്തതേത്?

A) അനുനാസിക സംസർ¤ം  B) സ്വരസംവരണം
C) തവർ്ോപമർ±ം  D) അംഗഭംഗം

34. സംസർ¤ം മൂലം ഉണ്ടാകുന്ന വർണ്ണം ഏത്?

A) ക  B) ഖ  C) ച  D) ഞ

35. 'പ്രേമഭാജനം' എന്ന നോവൽ രചിച്ചതാര്?

A) സി.വി.രാമൻപിള്ള  B) വൈക്കം മുഹമ്മദ് ബഷീർ
C) എസ്.കെ.പൊറ്റെക്കാട്  D) കെ.സരസ്വതിയമ്മ

36. ലേഖനങ്ങൾക്ക് കൊള്ളാവുന്ന ഭാഷാശൈലിയിലാണ് ഉറൂബ് കഥകൾ എഴുതുന്നത് എന്നഭിപ്രായപ്പെട്ടതാര്?

A) ടി.എം.ചുമ്മാർ
B) എൻ.കൃഷ്ണപിള്ള
C) സുകുമാർ അഴീക്കോട്
D) വി.രാജകൃഷ്ണൻ

37. അടിയന്തിരാവസ്ഥയെ പ്രമേയവൽകരിക്കുന്ന കഥയേത്?

A) പപ്പു കുരുടനായ കഥ
B) അരിമ്പാറ
C) സമയം
D) ടൈഗർ

38. ദളിത്ജീവിതം പ്രശ്നവൽക്കരിക്കുന്ന സി.അയ്യപ്പന്റെ കഥയേത്?

A) പെലയസ്ഥാനം
B) തേക്കുപാട്ട്
C) ഭ്രാന്ത്
D) മിണ്ടാപ്രാണികൾ

39. സഹനസമരം, വിദേശവസ്ത്രദഹനം തുടങ്ങിയ കോൺഗ്രസ്സ് ആശയങ്ങളോട് വിയോജിക്കുന്ന 'സിദ്ധമൂർത്തിയുടെ ശുക്രദശ' എന്ന കഥയെഴുതിയതാര്?

A) കാരൂർ
B) കേശവദേവ്
C) എം.ആർ.കെ.സി.
D) കെ.സുകുമാരൻ

40. 'താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങ –
ളന്യരനുഭവിച്ചീടുകെന്നതേ വരൂ" ഏതു കവിതയിലെ വരികൾ?

A) ടോമി
B) സൂക്ഷ്മരാഷ്ട്രീയം
C) യക്ഷി
D) അന്ധകാണ്ഡം

41. കുടുംബജീവിതത്തിലെ താളപ്പിഴകൾ അവതരിപ്പിക്കുന്ന, സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥ ഏത്?

A) റോഡിൽ പാലിക്കേണ്ട നിയമങ്ങൾ
B) ബിരിയാണി
C) കൊമാല
D) നരനായും പറവയായും

42. അതികഠിനം എന്ന കഥയിലെ പ്രമേയം എന്ത്?

A) കുടിപ്പക
B) അന്തർജനങ്ങളുടെ ദുരിതജീവിതം
C) മരുമക്കത്തായം
D) വിദേശികൾ കേരളത്തോട് കാട്ടിയ ക്രൂരത

43. കഥകളി ഏതുതരം കലയാണ്?

A) നൃത്തപ്രധാനം
B) നൃത്യപ്രധാനം
C) നാട്യപ്രധാനം
D) നൃത്തനൃത്യനാട്യങ്ങൾക്ക് തുല്യ പ്രാധാന്യം

44. ഒരു ജനസമൂഹത്തിന് മാത്രമായുള്ള പുരാവൃത്തത്തിന് പറയുന്ന പേരെന്ത് ?

A) അവച പുരാവൃത്തം B) ഐതിഹ്യം

C) മെറ്റാ ഫോക് ലോർ D) ഫോക് ലോറിസ്റ്റിക്സ്

45. "കൈക്കൊൾക നന്മയിൽ പക്ഷം
പീലിയാൽ ഫലമെന്തു മേ?" ഏതലങ്കാരത്തിന് ഉദാഹരണമായാണ് കേരളപാണിനി ഈ പദ്യശകലം നൽകുന്നത്?

A) പ്രതീപം B) ഉത്തരം C) വക്രോക്തി D) അനന്വയം

46. "അലങ്കാരങ്ങളെത്തീർപ്പാൻ
നാലുതാനിഹ സാധനം" – നാലിൽ പെടാത്തതേത്?

A) സാമ്യോക്തി B) വാസ്തവോക്തി

C) അതിശയോക്തി D) സ്വഭാവോക്തി

47. ന ഭ ഭ ര എന്ന ഗണവ്യവസ്ഥയിൽ വരുന്ന വൃത്തം ഏത്?

A) തോടകം B) വംശസ്ഥം

C) ദ്രുതവിളംബിതം D) പ്രതിമാക്ഷര

48. പോസ്റ്റ് സ്ട്രക്ചറലിസത്തിന്റെ വക്താവാര്?

A) _yf}ൂം ഫീൽഡ് B) ഴാക് ദറിദ

C) സൊസ്യൂർ D) നോം ചോംസ്കി

49. ചിലമ്പുകഴി നോമ്പ് എന്തുമായി ബന്ധപ്പെട്ട ചടങ്ങാണ്?

A) വിവാഹം B) മരണം

C) കലാവതരണം D) യുദ്ധം

50. ചന്ദ്രവളയം എന്ന ലഘുവാദ്യമുപയോഗിച്ചുകൊണ്ട് പത്മനാഭസ്വാമിക്ഷേത്രത്തിൽ ആലപിച്ചിരുന്ന കാവ്യം ഏത്?

A) രാമചരിതം B) രാമകഥപ്പാട്ട്

C) അനന്തപുരവർണ്ണനം D) ഭാഷാഭഗവദ്ഗീത

51. ശ്രീയേശുവിജയം' മഹാകാവ്യത്തിനു യോജിക്കാത്ത വിശേഷണം ഏത്?

A) 24 സർഗ്ഗങ്ങൾ

B) ദ്വിതീയാക്ഷരപ്രാസദീക്ഷ

C) ഇതിവൃത്തം പഴയനിയമത്തിൽനിന്ന് മാത്രം

D) ഇതിവൃത്തം പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽ നിന്നും

52. ആറന്മുളയപ്പന്റെ മാഹാത്മ്യം പ്രകീർത്തിക്കുന്ന കൃതി ഏത്?

A) രാമചരിതം B) തിരുനിഴൽമാല

C) ഉണ്ണുനീലിസന്ദേശം D) നല്ലഭാഷ

53. 'രണ്ടായി മുറിച്ചത്' ആരുടെ കവിതാസമാഹാരമാണ്?

A) അൻവർ അലി
B) ടി.പി.രാജീവൻ
C) അനിതാ തമ്പി
D) പി.പി.രാമചന്ദ്രൻ

54. ഗാന്ധിജി ശ്രീനാരായണഗുരുവിനെ സന്ദർശിച്ച വർഷം?

A) 1918
B) 1925
C) 1930
D) 1933

55. മരയ്ക്കാർ കോട്ട നിർമ്മിച്ചതാര്?

A) കുഞ്ഞാലി ഒന്നാമൻ
B) കുഞ്ഞാലി രണ്ടാമൻ
C) കുഞ്ഞാലി മൂന്നാമൻ
D) കുഞ്ഞാലി നാലാമൻ

56. തരിസാപ്പള്ളി ശാസനത്തിന്റെ ദാതാവാര്?

A) രാമവർമ്മ
B) സ്ഥാണുരവി
C) അയ്യനടികൾ
D) ഉദയവർമ്മൻ

57. അശ്വതിതിരുനാൾ ഇളയതമ്പുരാൻ എഴുതിയ ആട്ടക്കഥയേത്?

A) കിർമ്മീരവധം
B) പൂതനാമോക്ഷം
C) ബകവധം
D) സന്താനഗോപാലം

58. ജാതി വിഷയമാകുന്ന 'അമ്പലക്കുളം' എന്ന കവിത രചിച്ചതാര്?

A) കുമാരനാശാൻ
B) ഉള്ളൂർ
C) വള്ളത്തോൾ
D) ഇടÈ-രി

59. കാക്കനാടൻ എഴുതിയ നോവൽ ഏത്?

A) തുലാവർഷം
B) തുരുത്ത്
C) മഞ്ഞക്കെട്ടിടം
D) നീലക്കടമ്പ്

60. ദ ഫെമിനൈൻ മിസ്റ്റിക് എന്ന കൃതി രചിച്ചതാര്?

A) എലെയ്ൻ ഷോവാൾട്ടർ
B) സിമോങ് ദി ബുവർ
C) ബെറ്റി ഫ്രീഡൻ
D) എമ്മാ ഗോൾഡ്മാൻ

61. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമായ 'രാമചന്ദ്രവിലാസം' ആദ്യമായി പ്രസിദ്ധീകരിച്ചത് ഏത് പത്രത്തിലാണ്?

A) കേരളമിത്രം
B) കേരളപത്രിക
C) മലയാളി
D) മിതവാദി

62. "തിരുവനന്തപുരേ വിളങ്ങിന പത്മനാഭ! നമോസ്തുതേ
തരുണജലധരനികരതുലിത കളേബരായ! നമോസ്തുതേ"
- ഈ പത്മനാഭസ്തുതി രചിച്ചതാര്?

A) സ്വാതിതിരുനാൾ
B) ഇരയിമ്മൻ തമ്പി
C) രാമപുരത്തുവാര്യർ
D) കുഞ്ചൻ നമ്പ്യാർ

63. “പാണ്ഡവശിബിരങ്ങളിൽ നിന്നുയർന്ന ആർപ്പുവിളിയും തമ്പേറടിയും ദിഗന്തങ്ങളിൽ മുഴങ്ങി”
ഏത് കൃതിയുടെ പ്രാരംഭത്തിലാണ് ഈ വാക്യം കാണുന്നത്?

A) ഇനി ഞാൻ ഉറങ്ങട്ടെ
B) രണ്ടാമൂഴം
C) ഭാരതപര്യടനം
D) പാണ്ഡവപുരം

64. തച്ചോളിപ്പാട്ടുകൾ ഉൾപ്പെടുന്ന ഗ്രന്ഥം ഇവയിൽ ഏതാണ്?

A) കേരളോല്പത്തി
B) മലബാർ മാന്വൽ
C) കേരള ഫോക്‌ലോർ
D) അഡഗിയ മലബാറിക്ക

65. സംഘകാലത്തെ വിവാഹവുമായി ബന്ധമില്ലാത്തത് ഏത്?

A) കളവും കർപ്പും
B) പെൺപണം
C) താലികെട്ട്
D) ചിലമ്പുകഴിനോമ്പ്

66. കാര്യം: ശിലാശാസനങ്ങൾ, ചെമ്പുപട്ടയങ്ങൾ, ഓലക്കരണങ്ങൾ എന്നിവയെ സാഹിത്യരൂപങ്ങളായി കണക്കാക്കുന്നില്ല.
കാരണം:
1. ഇവ സാഹിത്യഗുണ പ്രധാനങ്ങളല്ല.
2. ഇവ സാമാന്യവ്യവഹാരത്തിനു മാത്രം ഉപയോഗിക്കുന്നു.

A) കാര്യവും കാരണങ്ങളും ശരി
B) കാര്യവും കാരണങ്ങളും തെറ്റ്
C) കാര്യവും കാരണം 1-ഉം ശരി
D) കാര്യവും കാരണം 2-ഉം ശരി

67. ഒരു ഗോത്രത്തിലെ അംഗഭാഷകളിൽ ഓരോന്നിലും സവിശേഷമായി സംഭവിക്കുന്ന പരിണാമം ഏത് പേരിൽ അറിയപ്പെടുന്നു?

A) ആന്തരപുന:സൃഷ്ടി
B) ബാഹ്യപുന:സൃഷ്ടി
C) വിവർത്തന പ്രക്രിയ
D) നവപ്രവർത്തനം

68. വി.സി. ബാലകൃഷ്ണപ്പണിക്കർ, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി എന്നിവർക്കു പുറമേ ‘ഒരു വിലാപം’ എന്ന പേരിൽ വിലാപകാവ്യം രചിച്ചത്

A) കെ.കെ. രാജ
B) മുതുകുളം പാർവതിഅമ്മ
C) എം.പി. അപ്പൻ
D) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

69. ചേരാത്ത ഗണം ഏത്?

A) കെ.ആർ. ടോണി - ഒരു പ്രതിസാഹിത്യ വിചാരം
B) വി.എം. ഗിരിജ - മഴയ്ക്കപ്പുറം
C) അനിത തമ്പി - മുറ്റമടിക്കുമ്പോൾ
D) റഫീക് അഹമ്മദ് - ഗ്രാമവൃക്ഷത്തിലെ വവ്വാൽ

70. ‘പാടുന്ന പിശാച്’ എന്ന ചെറുകഥ രചിച്ചത് ആര്?

A) തായാട്ടു ശങ്കരൻ
B) വി.പി. ശിവകുമാർ
C) ടി.കെ.സി. വടുതല
D) ചങ്ങമ്പുഴ കൃഷ്ണപിള്ള

71. ഇട്ടിക്കണ്ടപ്പൻ ഏത് അനുഷ്ഠാന കലാരൂപത്തിലെ കഥാപാത്രമാണ്?

A) മുടിയേറ്റ് B) പടയണി C) ചാത്തിരാങ്കം D) തെയ്യം

72. കോകസന്ദേശത്തിൽ പരാമർശമുള്ള ചരിത്രസംഭവം ഏത്?

A) തൃപ്പടിദാനം B) മുറജപം C) മാമാങ്കം D) മാപ്പിള ലഹള

73. ഒന്നാം പഴശ്ശിവിപ്ലവം നടന്നത്

A) 1779 മുതൽ 1783 വരെ
B) 1793 മുതൽ 1797 വരെ
C) 1796 മുതൽ 1798 വരെ
D) 1803 മുതൽ 1806 വരെ

74. "ഇതു തമിഴ് കാവിയമോ മലയാള കാവിയമോ എന്നു നിർണ്ണയിക്ക ഇയലാതു" എന്നു രാമചരിതത്തെക്കുറിച്ച് പറഞ്ഞതാര്?

A) വി.ഐ. സുബ്രഹ്മണ്യം
B) എസ്.വി. ഷണ്മുഖം
C) വി. നാഗമയ്യ
D) ടി.എ. ഗോപിനാഥ റാവു

75. സർദാർ ഷേക് ആസാദ് ഖാൻ എന്നത് ഏത് ചരിത്രാഖ്യായികയുടെ മറ്റൊരു പേരാണ്?

A) അക്ബർ
B) വള്ളുവക്കമ്മാരൻ
C) അമൃതപുളിനം
D) കേരളപുത്രൻ

76. ചേരാത്ത ഗണം ഏത്?

A) കഴിഞ്ഞകാലം, കാറ്റുവിതച്ച കാലം, നീർമാതളം പൂത്തകാലം
B) എന്റെ വഴിത്തിരിവ്, എന്റെ വഴിയമ്പലങ്ങൾ, എന്റെ ബാല്യസ്മരണകൾ
C) സ്മൃതിദർപ്പണം, സ്മരണമഞ്ജരി, മനസാസ്മരാമി
D) ഓർത്താൽ വിസ്മയം, തിരനോട്ടം, സോപാനം

77. കേരളത്തിലെ ആദ്യത്തെ ഫിലിം കമ്പനിയായ കേരളാ സിനിട്ടോൺ സ്ഥാപിച്ചതാര്?

A) ജെ.സി. ഡാനിയേൽ
B) പി. സുബ്രഹ്മണ്യം
C) മുതുകുളം രാഘവൻ പിള്ള
D) അപ്പൻ തമ്പുരാൻ

78. എൻ. കൃഷ്ണപിള്ളയുടെ ഏത് നാടകത്തെയാണ് മലയാളത്തിലെ ആദ്യത്തെ മാനസികാപഗ്രഥന നാടകം എന്ന് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിച്ചത്?

A) കന്യക
B) ബലാബലം
C) ഭഗ്നഭവനം
D) അഴിമുഖത്തേക്ക്

79. കേരള ചരിത്രത്തിൽ 1809 ജനുവരി 11-ന്റെ പ്രാധാന്യമെന്ത്?

A) കുണ്ടറ വിളംബരം
B) വേലുത്തമ്പിദളവയുടെ മരണം
C) ഗാന്ധിജിയുടെ ആദ്യകേരള സന്ദർശനം
D) വാഗൺ ട്രാജഡി

80. *ലഘുപൂർവം, ഗുരു പരം എന്ന രീതിയിൽ ഒരു വരിയിൽ പതിനാറ് അക്ഷരം വരുന്ന വൃത്തമേത്?*

A) *അന്നനട* B) *പ്രഹർഷിണി* C) *പഞ്ചചാമരം* D) *സ്രഗ്വിണി*

81. *സാഹിത്യനിരൂപണത്തിന് വടക്കുംകൂർ രാജരാജവർമ്മ കല്പിച്ച വിഭജനം ഏതാണ്?*

A) *ഖണ്ഡനം, മണ്ഡനം* B) *പക്ഷപാതം, നിഷ്പക്ഷം*

C) *ധ്വംസകം, പോഷകം* D) *സൗമ്യം, രൂക്ഷം*

82. *"അലുപ്താഖ്യസമാസത്തിൽ ധാതുപൂർവത്തിലും വരാ" എന്ന നിയമത്തിന് ഉദാഹരണമാണ്*

A) *പൊൻകുരിശ്* B) *അവനവൻകടമ്പ*

C) *അരമതിൽ* D) *ദിനപത്രം*

83. *മലയാളത്തിലെ ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണമായ 'രാജ്യസമാചാര' ത്തിലെ രാജ്യം ഏതാണ്?*

A) *തിരു-കൊച്ചി* B) *മലബാർ*

C) *ഭാരതരാജ്യം* D) *ദൈവരാജ്യം*

84. *ചേരുംപടി ചേർക്കുക*

| | | | |
|---|---|---|---|
| a) | *തോറ്റങ്ങൾ* | 1. | *ദേവി* |
| b) | *മരണം ദുർബ്ബലം* | 2. | *ഉണ്ണിമോൾ* |
| c) | *പാണ്ഡവപുരം* | 3. | *മാധവി* |
| d) | *വിഷകന്യക* | 4. | *മായ* |
| | | 5. | *സേതുലക്ഷ്മി* |

A) a-2, b-5, c-1, d-3 B) a-2, b-4, c-1, d-3

C) a-5, b-1, c-4, d-2 D) a-3, b-2, c-5, d-1

85. *അറിയപ്പെടുന്ന പേരിനു പുറമേ മറ്റൊരു പേരുകൂടിയുള്ള ഗ്രന്ഥം ഇവയിൽ ഏതാണ്?*

A) *നോവൽ സാഹിത്യം* B) *ചെറുകഥാ പ്രസ്ഥാനം*

C) *സാഹിത്യവിചാരം* D) *സൗന്ദര്യനിരീക്ഷണം*

86. *കഥകളിയുടെ ഏത് വിഭാഗത്തെ അടിസ്ഥാനപ്പെടുത്തിയാണ് പി.എം. റാംമോഹൻ 'നേപഥ്യം' എന്ന ഗ്രന്ഥം രചിച്ചത്?*

A) *ചുട്ടി* B) *കൈമുദ്ര* C) *സംഗീതം* D) *താളം*

87. *കാന്തളൂർ ശാലയെക്കുറിച്ച് ഏറ്റവും പ്രാചീനമായ പരാമർശം ഉൾപ്പെടുന്നത്*

A) *ഉണ്ണുനീലിസന്ദേശം* B) *അനന്തപുരവർണ്ണനം*

C) *മണലിക്കരശാസനം* D) *പാർത്ഥിവപുരംശാസനം*

88. ‘ഭാഷാഭൂഷണ’ത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ശബ്ദാലങ്കാരങ്ങൾ എത്ര?

A) ഒൻപത് B) ഏഴ് C) നാല് D) മൂന്ന്

89. ലോംഗിനസ് പറയുന്ന ഉദാത്തതാഘടകങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A) ചിന്ത B) വികാരം

C) പ്രതിഭ D) പദവിന്യാസം

90. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| a) | കേരളപാണിനി | 1. | അർദ്ധാച്ച് |
| b) | കാൾഡ്വൽ | 2. | സംവൃതോകാരം |
| c) | ഗുണ്ടർട്ട് | 3. | പ്രതിജ്ഞാപകസ്വരം |
| d) | ജോർജ് മാത്തൻ | 4. | അരയുകാരം |
| | | 5. | കേന്ദ്രസ്വരം |

A) a-2, b-4, c-5, d-1 B) a-2, b-3, c-5, d-1

C) a-4, b-5, c-1, d-3 D) a-2, b-3, c-4, d-1

91. “ആരോ ഏല്പിക്കുന്ന എഴുത്തുകൾ ഇവിടേയ്ക്ക് ഏല്പിക്കുന്ന തപാൽശിപായിയാണ് താൻ” എന്ന് തന്റെ കാവ്യരചനാ നിയോഗത്തെപ്പറ്റി പറഞ്ഞ കവി ആര്?

A) വൈലോപ്പിള്ളി B) ഒ.എൻ.വി. കുറുപ്പ്

C) ഇടശ്ശേരി D) പി. കുഞ്ഞിരാമൻ നായർ

92. പ്രസിദ്ധീകരിച്ച വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള ശരിയായ ക്രമം ഏത്?

A) ഉമാകേരളം, പിംഗള, കർണ്ണഭൂഷണം, ഭക്തിദീപിക

B) ഉമാകേരളം, കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക

C) കർണ്ണഭൂഷണം, ഉമാകേരളം, ഭക്തിദീപിക, പിംഗള

D) ഭക്തിദീപിക, പിംഗള, ഉമാകേരളം, കർണ്ണഭൂഷണം

93. മന്നത്തു പത്മനാഭന്റെയും ആർ. ശങ്കറിന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച സംഘടനയാണ്

A) ഹിന്ദുഐക്യവേദി B) ഹിന്ദു മഹാസഭ

C) ഭൃത്യജനസംഘം D) നായരീഴവമുന്നണി

94. ദക്ഷിണഹസ്തത്തിലേലും വിശറിപ്പൊൻ
പക്ഷമിളക്കിയൊട്ടൊട്ടു വീശി
ഉറ്റമരത്തണലെത്തുന്നു ഭിക്ഷുവൊ-
രൊറ്റച്ചിറകേലും ദേവതപോൽ – അലങ്കാരം ഏത്?

A) ഉപമ B) ഉൽപ്രേക്ഷ C) സസന്ദേഹം D) സഹോക്തി

95. ഗ്രന്ഥകാരന്റെ മരണം (Death of the Author) എന്ന സിദ്ധാന്തം ആവിഷ്കരിച്ചത് ആര്?

A) റൊളാങ് ബാർത്ത് B) ഴാക് ദറിദ

C) അൽത്തൂസർ D) ഉമ്പർട്ടോ എക്കോ

96. മലയാള ഭാഷോല്പത്തി സിദ്ധാന്തങ്ങളിൽ ഡോ.കെ.എം. ജോർജ്ജ് ഏത് പക്ഷത്താണ് നിലയുറപ്പിച്ചത്?

A) ഉപശാഖാവാദം B) മിശ്രവാദം

C) സ്വതന്ത്രവാദം D) പൂർവ തമിഴ്-മലയാളവാദം

97. ആദിപ്രരൂപവിമർശന (Archetypal Criticism) ത്തിന്റെ ഉപജ്ഞാതാവ് ആര്?

A) ഫ്രോയ്ഡ് B) സി.ജി.യുങ്ങ്

C) വ്ലാഡിമിർ പ്രോപ്പ് D) ഴാക് ലകാൻ

98. ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവത്തിൽ ഉൾപ്പെടാത്തത് ഏത്?

A) ഏകാക്ഷര ധാതുക്കൾ B) സംയോജകക്രിയയുടെ സാന്നിദ്ധ്യം

C) സ്വരങ്ങളുടെ ഹ്രസ്വദീർഘഭേദം D) പുര:പ്രത്യയങ്ങളുടെ അഭാവം

99. പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' എന്ന നോവലിന് അവതാരിക എഴുതിയത് ആര്?

A) മൂർക്കോത്ത് കുമാരൻ B) ഒ. ചന്തുമേനോൻ

C) അപ്പു നെടുങ്ങാടി D) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

100. തകഴിയുടെ ഏത് നോവലിനെ നിരൂപണം ചെയ്യുമ്പോഴാണ് രൂപഭദ്രത എന്ന പദം മുണ്ടശ്ശേരി ആദ്യമായി പ്രയോഗിച്ചത്?

A) തോട്ടിയുടെ മകൻ B) രണ്ടിടങ്ങഴി

C) പതിതപങ്കജം D) ചെമ്മീൻ

101. മൃത്യുവിനെ 'നിദ്രതൻ വലിയേട്ടൻ' എന്നു വിശേഷിപ്പിച്ചത് ഏത് കവിയാണ്?

A) ചങ്ങമ്പുഴ B) ഇടപ്പള്ളി

C) ജി. ശങ്കരക്കുറുപ്പ് D) വൈലോപ്പിള്ളി

102. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരം ഒരു ഭേദവുമില്ലതിൽ" - ശ്രീനാരായണഗുരു രചിച്ച ഈ വരികൾ ഏത് കവിതയിലാണ് ഉൾപ്പെടുന്നത്?

A) ജാതിലക്ഷണം B) ജാതിനിർണ്ണയം

C) ദൈവശതകം D) ആത്മോപദേശശതകം

103. എം. ഗോവിന്ദൻ ഏത് മാസികയുടെ ആദ്യത്തെ എഡിറ്റർ ആയിരുന്നു?

A) വിവേകോദയം B) മംഗളോദയം

C) കേരള കവിത D) സമദർശിനി

104. ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത 'മഴ' എന്ന സിനിമക്ക് ആധാരമായ കഥ ഏതാണ്?

A) പക്ഷിയുടെ മണം B) നെയ്പായസം

C) ചന്ദനമരങ്ങൾ D) നഷ്ടപ്പെട്ട നീലാംബരി

105. എം.എൻ. വിജയൻ മനശ്ശാസ്ത്ര നിരൂപണത്തിനു വിധേയമാക്കിയ കൃതി ഇവയിൽ ഏതാണ്?

A) മേഘസന്ദേശം B) അച്ഛനും മകളും

C) മഞ്ഞ് D) ഉമ്മാച്ചു

106. ചുട്ടെഴുത്തുകൾക്ക് നിർദ്ദേശക സർവനാമങ്ങൾ എന്ന് പേര് നൽകിയത്

A) കാൾഡ്വൽ B) ഗുണ്ടർട്ട്

C) ജോർജ്ജ് മാത്തൻ D) ശേഷഗിരിപ്രഭു

107. 'നബിയുടെ നാട്ടിൽ' എന്ന യാത്രാവിവരണകൃതി രചിച്ചത് ആര്?

A) എം.കെ. മുനീർ B) ജോർജ്ജ് ഓണക്കൂർ

C) സക്കറിയ D) കെ.പി. രാമനുണ്ണി

108. കൂടിയാട്ടത്തിൽ ഉപയോഗിക്കാത്ത വാദ്യോപകരണം ഏത്?

A) ഇടയ്ക്ക B) തിമില C) കുഴിത്താളം D) കുറുംകുഴൽ

109. ആദേശസന്ധിക്ക് ഉദാഹരണമല്ലാത്തത് ഏത്?

A) കണ്ണീർ B) വെണ്ണീർ C) ചെമ്മാനം D) കണ്ണേറ്

110. പോയസ്, പോയമ, പോയട്രി എന്നിങ്ങനെ കവിതക്ക് മൂന്നുവിഭാഗങ്ങൾ കല്പിച്ചത് ആര്?

A) അരിസ്റ്റോട്ടിൽ B) പ്ലേറ്റോ C) ഹോരസ്സ് D) ഷെല്ലി

111. വി.സി. ശ്രീജൻ രചിച്ച നിരൂപണഗ്രന്ഥമാണ്

A) തിരസ്കാരം B) കവിതയും ജനതയും

C) അക്ഷരവും ആധുനികതയും D) രാഹുകാലം

112. മദ്യപാനം എന്ന സാമൂഹിക വിപത്തിനെതിരായി ഉള്ളൂർ രചിച്ച കവിതയാണ്

A) മൃണാളിനി B) ഉദ്ബോധനം C) ഹീര D) തപ്തഹൃദയം

113. ആധുനിക സാഹിത്യനിരൂപണത്തിൽ ബഹുഭാഷിതം(Dialogism) എന്ന സിദ്ധാന്തം ആവിഷ്കരിച്ചത് ആര്?

A) മിഖായിൽ ബഖ്ത് B) എഡ്വേർഡ് സെയ്ദ്

C) ജൂലിയ ക്രിസ്റ്റേവ D) ഫ്രഡറിക് ജയിംസൺ

114. ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങളിൽ ശരിയായത് ഏത്?

1) ഉപമയെപ്പോലെ ഉൽപ്രേക്ഷയും സാദൃശ്യമൂലകമായേ വരുകയുള്ളൂ
2) ഉപമയിലെ ഉപമാനം യഥാർത്ഥത്തിലുള്ളതും ഉൽപ്രേക്ഷയിലെ ഉപമാനം കവികല്പിതവുമായിരിക്കും
3) ഉപമയിൽ കവിയുടെ നിരീക്ഷണപാടവവും ഉൽപ്രേക്ഷയിൽ ഭാവനയുമാണ് കൂടുതൽ തെളിഞ്ഞുകാണുന്നത്

A) 1-ഉം 2-ഉം 3-ഉം ശരി
B) 1-ഉം 2-ഉം ശരി, 3 തെറ്റ്
C) 1-ശരി, 2-ഉം 3-ഉം തെറ്റ്
D) 1-ഉം 3-ഉം ശരി, 2 തെറ്റ്

115. ഭാരതീയ കാവ്യമീമാംസയിലെ അഭിധാനിയാമകങ്ങൾ ഭാഷാശാസ്ത്രദൃഷ്ട്യാ ഏതിലാണ് ഉൾപ്പെടുന്നത്?

A) ഭാഷാവിജ്ഞാനം (Philology)
B) പ്രകരണവിജ്ഞാനം (Pragmatics)
C) ചിഹ്നവിജ്ഞാനീയം (Semiotics)
D) രൂപവിജ്ഞാനീയം (Morphology)

116. മയൂരസന്ദേശ വ്യാഖ്യാനം ഇവയിൽ ഏതാണ്?

A) ഹൃദയരഞ്ജിനി
B) മർമ്മപ്രകാശം
C) മയൂരഹൃദയം
D) കൈരളി

117. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| a) | നളിനി | 1) | അനുഷ്ടുപ്പ് |
| b) | ലീല | 2) | ശാർദൂലവിക്രീഡിതം |
| c) | പ്രരോദനം | 3) | രഥോദ്ധത |
| d) | ബാലരാമായണം | 4) | അപരവക്ത്രം |
| | | 5) | വിയോഗിനി |

A) a-3, b-4, c-2, d-1
B) a-4, b-3, c-5, d-1
C) a-5, b-3, c-1, d-2
D) a-3, b-4, c-1, d-5

118. 1958 ഏപ്രിൽ 26-ന് ആരംഭിച്ച സാംസ്കാരിക സ്ഥാപനം ഏതാണ്?

A) കേരള സാഹിത്യ അക്കാദമി
B) കേരള സംഗീത നാടക അക്കാദമി
C) കേരള ഫോക്‌ലോർ അക്കാദമി
D) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

119. മട്ടാഞ്ചേരി കൊട്ടാരത്തിലെ ചുവർചിത്രങ്ങളിലെ പ്രധാന ഇതിവൃത്തം

A) ഭാഗവതം B) രാമായണം C) മഹാഭാരതം D) ക്രിസ്തുചരിതം

120. തെറ്റായ വാക്യം ഏത്?

1) മലയാളത്തിൽ ലബ്ധപ്രതിഷ്ഠ നേടിയ കവികളാണ് ഇടശ്ശേരിയും വൈലോപ്പിള്ളിയും
2) പാല് കുടിക്കുന്നതിന് മുമ്പ് മറ്റ് രാസവസ്തുക്കൾ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കണം

A) 1-ഉം 2-ഉം ശരി
B) 1-ഉം 2-ഉം തെറ്റ്
C) 1-ശരി, 2-തെറ്റ്
D) 1-തെറ്റ്, 2-ശരി